# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 982** **30.10.2019 ലെ മറുപടി**

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഒൻപത് തീരദേശ ജില്ലകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി, അടിയന്തരമായി 22.5 കോടി രൂപ അനുവദിക്കാൻ 12-06-2019-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നുവോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ എന്തെല്ലാം കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളാണ് ജലവിഭവ വകുപ്പ് ഇതിനകം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ 3.00 കോടി രൂപ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തി 264.25 ലക്ഷം രൂപയുടെ 35 പ്രവർത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 12 പ്രവൃത്തികൾ ജിയോബാഗ് ഉപയോഗിച്ചും 16 പ്രവൃത്തികൾ പാറ ഉപയോഗിച്ചും 7 പ്രവൃത്തികൾ മണൽചാക്ക് ഉപയോഗിച്ചുമാണ് നടപ്പിലാക്കിയത്.<br>കൊല്ലം ജില്ലയിൽ 2.5 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തി 255.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ പാറ ഉപയോഗിച്ച് അടിയന്തര തീരസംരക്ഷണത്തിനായി 8 പ്രവൃത്തികളും കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിൽ ജിയോബാഗ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 11 പ്രവൃത്തികളും ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |

ആലപ്പുഴ ജില്ലയിൽ 5.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ 327.80 ലക്ഷം രൂപയുടെ 24 അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു. ഹരിപ്പാട്, അമ്പലപ്പുഴ, ചേർത്തല എന്നീ നിയോജകമണ്ഡലങ്ങളിലാണ് അനുമതി നൽകിയത്. ഇതിൽ 16 പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 8 പ്രവൃത്തികൾക്കും ആവർത്തിച്ച് ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പ്രതികരിച്ചില്ല.

എറണാകുളം ജില്ലയിൽ 3.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തി 38.07 ലക്ഷം രൂപയുടെ 9 പ്രവർത്തികൾ ജിയോബാഗ് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്

തൃശ്ശൂർ ജില്ലക്ക് 3 കോടി രൂപ അനുവദിച്ചിരുന്നു. ജിയോ ബാഗുകൾ ഉപയോഗിച്ചുള്ള 13 പ്രവൃത്തികളും പാറ ഉപയോഗിച്ചുള്ള 3 പ്രവൃത്തികൾക്കുമടക്കം മൊത്തം 284.58 ലക്ഷം രൂപയുള്ള 16 പ്രവൃത്തികൾ ക്രമീകരിച്ചുവരുന്നു. എന്നാൽ കരാറുകാർ ആരും തന്നെ ഏറ്റെടുത്തില്ല. ജിയോ ബാഗ് ഉപയോഗിച്ചുള്ള 13 പ്രവൃത്തികളിൽ 11 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

മലപ്പുറം ജില്ലയിൽ 2.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 178.04 ലക്ഷം രൂപയുടെ 16 പ്രവൃത്തികൾക്ക് അനുമതി നൽകി.

കോഴിക്കോട് ജില്ലയിൽ 2.00 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തി 192.20 ലക്ഷം രൂപയുടെ 14 പ്രവർത്തികൾ അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ജില്ലയിൽ 1.00 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തി 27.50 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ 1.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇതുക്കൂടാതെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 2019-20 വർഷത്തിൽ ASE(N/P) ഫണ്ടിൽ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകൾക്കായി 1096.72 ലക്ഷം രൂപയുടെ (69 പ്രവൃത്തികൾ) സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ